**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ശ്രീ. അബ്ദുൾ റഹിമാൻ ഫയൽ ചെയ്ത W.P.(C) No.35907/16 കേസിൻമേലുള്ള 19/12/2016 ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ. ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2832/2018/തസ്വഭവ തിരുവനന്തപുരം, തീയതി 03/11/2018.**

---

പരാമർശം:- 1) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ശ്രീ. അബ്ദുൾ റഹിമാൻ, പാലക്കാട്, ഫയൽ ചെയ്ത W.P.(C) No.35907/16 കേസിന്റെ 19/12/2016 ലെ വിധിന്യായം.

2) ശ്രീ. അബ്ദുൾ റഹിമാൻ ഷൊർണ്ണൂർ 15.2.2017- ൽ ഷൊർണ്ണൂർ നഗരസഭാ സെക്രട്ടറി മുൻപാകെ സമർപ്പിച്ച ക്രമവൽക്കരണ അപേക്ഷ

3) മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരത്തിന്റെ 19/7/2017 ലെ സി2-3778/2017/കെ.ഡിസ്, 18/8/2018 ലെസി2-10664/2017 നമ്പർ കത്തുകൾ.

4) സ.ഉ.(അച്ചടി) 11/2018/തസ്വഭവ തീയതി 15/2/2018.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്ക്, ഷെർണ്ണൂർ നഗരസഭയിൽ ഷൊർണ്ണൂർ II വില്ലേജിലുംപെട്ട റീസർവ്വേ നമ്പർ 286/3-ൽ ഉൾപ്പെട്ട വസ്തുവിൽ അനധികൃതമായി നിർമ്മാണം പൂർത്തിയാക്കിയ ഫിദ ബേക്കറിയുടെ പാർക്കിംഗ് ഏരിയയിൽ നടത്തിയ നിർമ്മാണം ക്രമവൽക്കരിച്ച നൽകാത്തതിനെതിരെ ശ്രീ. അബ്ദുൾ റഹിമാൻ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത W.P.(C) No.35907/16 കേസിൽ, പരാമർശം (1) ലെ വിധിന്യായത്തിൽ താഴെപ്പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാകുന്നു.

"If the defects have been cured, the Municipality could forward the application to the Government through the Town Planner. The same shall be done expeditiously and pending orders, the demolition shall be kept in abeyance. It is made clear that this court has not made any observation on merits, which the Government will consider, in accordance with law."

**2)** മേൽ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ല ഒറ്റപ്പാലം താലൂക്ക്, ഷൊർണ്ണൂർ II വില്ലേജ്, സർവ്വേ നമ്പർ 286/3 – ൽ ഉൾപ്പെട്ട വസ്തുവിൽ അനധികൃതമായി നിർമ്മാണം പൂർത്തിയാക്കിയ ഫിദ ബേക്കറിയുടെ പാർക്കിംഗ് ഏരിയയിലെ നിർമ്മാണം ക്രമവൽക്കരിക്കുന്നതിനായി പാലക്കാട് ടൗൺ പ്ലാനർ മുഖാന്തിരം ലഭ്യമായ പരാമർശം (2) ലെ അപേക്ഷ പരാമർശം 3 ലെ 19.7.2017 ലെ കത്ത് പ്രകാരം, മുഖ്യനഗരാസൂത്രകൻ, തിരുവനന്തപുരം സാങ്കേതിക ശുപാർശ സഹിതം അനന്തര നടപടികൾക്കായി സർക്കാരിലേയ്ക്ക് അയച്ചു തന്നിട്ടുള്ളതാകുന്നു.

**3)** എന്നാൽ താഴെപറയുന്ന ചട്ടലംഘനങ്ങളുള്ളതിനാൽ മുഖ്യനഗരാസൂത്രകൻ, പരാമർശ നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ശുപാർശ ചെയ്തിരുന്നില്ല

1) The Construction does not confirm the provisions in Section 383 A of KMA 1994 hence as per Rules 5(2) Proviso of Regularisation Rules it is not recommended.
2) The application was submitted to the Shornur Municipality after the stipulated date for submission of application.
3) Photographs of the unauthorirsed construction is not enclosed with the application.
4) The certification by licensee and applicant as per the Regularisation Rules has not been made.
5) Application is not completely filled as per rule & regularisation fees not calculated.

കൂടാതെ പരാമർശം 3 ലെ 18.8.2018 ലെ കത്ത് മുഖാന്തിരം, മുഖ്യനഗരാസൂത്രകൻ, താഴെ പറയുന്ന വിവരങ്ങളും അറിയിച്ചിട്ടുണ്ട്.

"ബി.എ നമ്പർ 288/08-09 പെർമിറ്റ് നമ്പരായി 259 മീറ്റർ സ്ക്വയർ പ്ലിന്ത് ഏരിയയ്ക്ക് 24/11/2008-ൽ നിർമ്മാണ അനുമതി നൽകിയിട്ടുള്ളതാണ്. അതിനുശേഷം 30/09/2011-ൽ നിർമ്മാണം 263.62 മീറ്റർ സ്ക്വയർ പ്ലിന്ത് ഏരിയയിൽ പൂർത്തികരിച്ച് ഒക്യുപ്പൻസി നൽകി കെട്ടിട നമ്പർ അനുവദിച്ചതിന് ശേഷം കെട്ടിടത്തിന്റെ മുൻവശത്ത് പാർക്കിംഗ് ഏരിയയിൽ ഷീറ്റ് മേഞ്ഞ് അനധികൃതമായി 87.23 ച.മീറ്റർ വിസ്തൃതിയിൽ നിർമ്മാണം നടത്തിയിട്ടുണ്ട്. ടി കെട്ടിടത്തിന് 263.62 ച.മീറ്റർ പ്ലിന്ത് ഏരിയയ്ക്ക് നിർമ്മാണം പൂർത്തീകരിച്ച് ഒക്യുപെൻസി അനുവദിച്ച് നൽകിയിരുന്നതാണ്. അതിനു ശേഷം പെർമിറ്റ് എടുക്കാതെ 87.23 ച.മീറ്റർ പ്ലിന്ത് ഏരിയയുടെ നിർമ്മാണം അനധികൃതമായി നടത്തിയിട്ടുണ്ട്.കെട്ടിട നമ്പർ അനുവദിച്ചതിനു ശേഷം അനധികൃതമായി 87.23 ച.മീറ്റർ പ്ലിന്ത് ഏരിയ വിസ്തൃതിയിൽ നിർമ്മിച്ച ഷീറ്റിട്ട നിർമ്മാണഭാഗം പൊളിച്ച് നീക്കം ചെയ്യുന്നതിന് നഗരസഭയിൽ നിന്ന് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ആയതിനെതിരെ കക്ഷി ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.P. (c) No.35907/2016(K) തീയതി 19/2/2016 – ലെ കോടതി വിധി പ്രകാരം ജില്ലാ നഗരാസൂത്രകൻ മുഖാന്തിരം പ്രസ്തുത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് അയക്കാൻ ബഹു. കോടതി ഉത്തരവ് നൽകിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിലാണ് അപേക്ഷ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുള്ളതെന്നും ചീഫ് ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

**4)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ കോടതി വിധി പ്രകാരം നിർമ്മാണം ക്രമീകരിക്കുന്നതിന് Town Planner മുഖാന്തിരം സർക്കാരിൽ അപേക്ഷ സമർപ്പിക്കുന്നതിന് കോടതി ഉത്തരവായിരുന്നു. വിധി നടപ്പിലാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിരുന്നില്ല. അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ 19/7/2017-ൽ സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നുവെങ്കിലും സർക്കാർ ആവശ്യപ്പെട്ട സ്പഷ്ടീകരണം ലഭിച്ചിട്ടുള്ളത് 18/8/2018- ലെ കത്തു പ്രകാരമാണ്. എന്നാൽ പരാമർശം 4 ലെ സർക്കാർ ഉത്തരവുപ്രകാരം അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിക്കാണ് സമർപ്പിക്കേണ്ടത്.

**5)** പ്രസ്തുത സാഹചര്യത്തിൽ പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്ക്, ഷൊർണ്ണൂർ നഗരസഭയിൽ ഷൊർണ്ണൂർ - II വില്ലേജിലുംപെട്ട റീസർവ്വേ നമ്പർ 286/3-ൽ ഉൾപ്പെട്ട വസ്തുവിൽ അനധികൃതമായി നിർമ്മാണം പൂർത്തിയാക്കിയ ഫിദ ബേക്കറിയുടെ പാർക്കിംഗ് ഏരിയ ക്രമവൽക്കിരക്കുന്നത് സംബന്ധിച്ച് പരാമർശത്തിലെ സർക്കാർ ഉത്തരവിൽ

നിശ്ചയിച്ചിട്ടുള്ള സമയപരിധിയ്ക്കകം ഷൊർണ്ണൂർ നഗരസഭാ സെക്രട്ടറിയ്ക്ക് അപേക്ഷ സമർപ്പിയ്ക്കുവാൻ അപേക്ഷകനോട് നിർദ്ദേശിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**6)** ഇപ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരാമർശം (1) പ്രകാരമുള്ള വിധിന്യായം നടപ്പാക്കിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സബിത. എസ്.ഡി.**

**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ. അബ്ദുൾ റഹിമാൻ, മലയിൽ, താഴത്തേതിൽ ഹൗസ്,
നെല്ലായ പോസ്റ്റ്, ചെറുപ്ളശ്ശേരി, പാലക്കാട്. 679335
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ജില്ലാ ടൗൺ പ്ലാനർ, പാലക്കാട്
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം.)
സെക്രട്ടറി, ഷൊർണ്ണൂർ നഗരസഭ,
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ, കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
വെബ് & ന്യൂ മീഡിയ സെന്റർ, I & PRD
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ